പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1023 11/07/2011-ൽ മറുപടിക്ക്.

## കേരള നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നുള്ള പിരിച്ചുവിടൽ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ജെയിംസ് മാത്യു ; | ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി) |
| (എ) 27/02/2011-ന് നടന്ന മന്ത്രിസഭാ തീരുമാനപ്രകാരം നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിൽ എത്ര ജീവനക്കാരെയാണ് സ്ഥിരപ്പെടുത്തിയത്; | (എ) ആരെയും തന്നെ സ്ഥിരപ്പെടുത്തിയിട്ടില്ല. |
| (ബി) ഈ തീരുമാനം നടപ്പിലാക്കുന്നതിനായി 01/02/2011-ന് G.O.(MS)No. 47/2011/തൊഴിൽ പ്രകാരം ഉത്തരവ് ഇറങ്ങിയിട്ടുണ്ടോ; | (ബി) ഉണ്ട്. വ്യക്തതയില്ലായ്മ കാരണം തീരുമാനം നടപ്പിലാക്കാൻ സാധിച്ചിട്ടില്ല. |
| (സി) ഈ ഉത്തരവിനെതിരെ ഏതെങ്കിലും സംഘടന കോടതിയെ സമീപിച്ചിരുന്നുവോ; എങ്കിൽ കോടതി നിയമനത്തിനെതിരെ വിധി പ്രസ്താവിച്ചിരുന്നുവോ; | (സി) ഉണ്ട്. ഇടക്കാലവിധി പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ഡി) 27/02/2011-ന്റെ മന്ത്രിസഭാ തീരുമാനപ്രകാരം സ്ഥിരപ്പെടുത്തിയ ജീവനക്കാരെ പിരിച്ചുവിട്ടിരുന്നുവോ; എങ്കിൽ കേരള ഹൈക്കോടതിയിൽ നിലവിലിരിക്കുന്ന കേസിൽ കോടതി തീരുമാനം വരുന്നതിനു മുമ്പ് ജീവനക്കാരെ പിരിച്ചുവിടാൻ എന്താണ് കാരണം ; | (ഡി) ആരെയും സ്ഥിരപ്പെടുത്തിയിട്ടില്ല. |
| (ഇ) പിരിച്ചുവിടൽ തീരുമാനം പുന:പരിശോധിക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | (ഇ) ഉദിയ്ക്കുന്നില്ല. |

സെക്ഷൻ ഓഫീസർ